പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-6068 28.10.2011 ൽ മറുപടിക്ക്

**വിവിധ തരത്തിലുള്ള ആധാരങ്ങൾ**

**ചോദ്യം** **ഉത്തരം**

ശ്രീ.പി.സി ജോർജ്ജ്

ശ്രീ. ടി.എം ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും
രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിൽ ഏതൊക്കെ തരത്തിലുള്ള ആധാരങ്ങളുടെ രജിസ്ട്രേഷനാണ് നടക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | 1959-ലെ കേരള മുദ്രപ്പത്ര നിയമത്തിലെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ തര ആധാരങ്ങളുടെ രജിസ്ട്രേഷൻ നടത്ത ന്നുണ്ട്. അവയിൽ പ്രധാനമായു തീറാധാരം, ഭാഗപത്രം, ധനനിശ്ചയം ദാനം, ഒഴിമുറി എന്നീ ആധാരങ്ങളാണ് സംസ്ഥാനത്ത് നടന്നുവരുന്നത്. |
| (ബി) | അവയ്ക്ക് ഓരോന്നിനും പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ പരിധിയിൽ ആധാര വിലയുടെ എത്ര ശതമാനം തുക മുദ്രപത്രത്തിനും രജിസ്ട്രേഷനും ഈടാക്കുന്നു എന്ന് വിശദമാക്കാമോ; | (ബി) | ഉത്തരം അനുബന്ധമായി ചേർത്തിരി ക്കുന്നു. |
| (സി) | ഈ സർക്കാർ അധികാരമേറ്റശേഷം വസ്തു രജിസ്ട്രേഷനിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) യും (ഡി) യും | ഉണ്ട്. 19/07/2011 - ന്, 13-ാം കേരള നിയമസഭയിൽ അവതരിപ്പിച്ച ഫിനാൻസ് ബിൽ, 2011 പ്രകാരം, 1959-ലെ കേരള മുദ്രപ്പത്ര നിയമത്തിൽ വരുത്തിയ ഭേദഗതി അനുസരിച്ച് കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ധന നിശ്ചയം, ദാനം എന്നീ ആധാരങ്ങൾക്ക് പരമാവധി 1000/- രൂപ മുദ്രവില ഈടാക്കിയാൽ മതിയാകുന്ന താണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | | |

സെക്ഷൻഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | ആധാരത്തിന്റെ വിവരണം | 1959 ലെ കേരള മുദ്ര പത്ര നിയമത്തിലെ പട്ടികയിലെ ആർട്ടിക്കിൾ നമ്പർ | മുദ്ര വില നിരക്ക് | | | രജിസ്ട്രേഷൻ ഫീസ് പട്ടികയിലെ ആർട്ടിക്കിൾ നമ്പർ | രജിസ്ട്രേഷൻ ഫീസ് നിരക്ക് |
|---|---|---|---|---|---|---|---|
| | | | പഞ്ചായത്ത് | മുനിസിപ്പാലിറ്റി | കോർപ്പറേഷൻ | | |
| 1. | തീരാധാരം | 21 | 7 % | | | I (a) (1) | 2 % |
| | | 22 | | 8 % | 9 % | | |
| 2 | ദാനം<br>കുടുംബാംഗങ്ങൾക്ക് നൽകുന്നവ | 31 (i) | 2 % പരമാവധി 1000/- രൂപ. | 2 % പരമാവധി 1000/- രൂപ. | 2 % പരമാവധി 1000/- രൂപ. | I (a) (1) | 2 % |
| | മറ്റ് തരത്തിലുള്ളവ | 31 (ii) | 7 % | 8 % | 9 % | | |
| 3 | ഭാഗപത്രം<br>കുടുംബാംഗങ്ങൾക്കിടയിലുള്ളത് | 42 (i) | 1 % പരമാവധി 1000/- രൂപ. | 1 % പരമാവധി 1000/- രൂപ. | 1 % പരമാവധി 1000/- രൂപ. | I (a) (1) നോട്ട് (viii) | 1 % |
| | മറ്റ് തരത്തിലുള്ളവ | 42 (ii) | 6 % | 6 % | 6 % | I (a) (1) | 2 % |
| 4 | ഒഴിമുറി<br>കുടുംബാംഗങ്ങൾക്കിടയിലുള്ളത് | 48 (a) | 1 % | 1 % | 1 % | I (a) (1) നോട്ട് (viii) | 1 % |
| | മറ്റ് തരത്തിലുള്ളവ | 48 (b) | 7 % | 8 % | 9 % | I (a) (1) | 2 % |
| 5 | ധനനിശ്ചയം<br>കുടുംബാംഗങ്ങൾക്കിടയിലുള്ളത് | 51 (a)(i) | 2 % പരമാവധി 1000/- രൂപ | 2 % പരമാവധി 1000/- രൂപ | 2 % പരമാവധി 1000/- രൂപ | I (a) (1) | 2 % |
| | മറ്റ് തരത്തിലുള്ളവ | 51 (a)( (ii) | 5 % | 5 % | 5 % | | |

Section Officer